TB Movie Panel Weekly Review

**#moviepanel**

HARD TARGET (1993)

ചൈനീസ് ആക്ഷൻ സിനിമകളുടെ തലതൊട്ടപ്പനായ John Woo യുടെ ഹോളിവുഡ് അരങ്ങേറ്റമായിരുന്നു ഹാർഡ് ഹിറ്റ് എന്ന സിനിമ, പിന്നീട് അമേരിക്കൻ സിനിമയുടെ അന്ന് വരെയുള്ള ഏറ്റവും പണം വാരി ചിത്രമായ മിഷൻ ഇമ്പോസിബിൾ 2 ഉൾപ്പടെ ഒരുപിടി കിടിലൻ ആക്ഷൻ സിനിമകളോരുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു..

ഇരുപത് വർഷം മുൻപ് അമ്മയുമായി പിരിഞ്ഞു പോയ തന്റെ അച്ഛനെ തേടിയാണ് നതാഷ ആ നഗരത്തിൽ എത്തിയത്. തന്റെ അച്ചനെ തേടിയുള്ള യാത്രയിൽ അവർക്ക് സഹായിയായി Boudreaux എന്ന ചെറുപ്പക്കാരനെ ലഭിച്ചു.രണ്ടു ദിവസങ്ങൾ കഴിഞ്ഞ് തീ പിടുത്തത്തിൽ മരിച്ച നതാഷയുടെ അച്ഛന്റെ മൃതദേഹം പോലീസ് കണ്ടെത്തുന്നു. ഒരു സാധാരണ അപകട മരണമായിട്ടാണ് അവർ അതിനെ കണ്ടത്. എന്നാൽ Boudreaux ഇതു ഒരു കൊലപാതകമാണെന്ന് തെളിവ് സഹിതം കണ്ടെത്തുന്നു.

സമ്പന്നരായ ആളുകൾക്ക് വേട്ടയാടി രസിക്കാനായി മനുഷ്യന്മാരെ നൽകുന്ന ഒരു ഭീകര സംഘം ആ നാട്ടിൽ ഉണ്ടായിരുന്നു. ദാരിദ്രരായ ആളുകളെ പ്രലോഭപ്പിച്ചു 10000ഡോളർ അടങ്ങുന്ന ഒരു ബെൽറ്റ് അവരെ ധരിപ്പിക്കുകയും അപകടം ഒന്നുമില്ലാതെ നഗരത്തിന്റെ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്തേക്ക് ഓടി എത്തിയാൽ അതു മുഴവൻ അവർക്ക് എടുക്കാം എന്നും പറയുന്നു.. ശേഷം ജീപ്പിലും ബൈക്കിലുമായി തോക്കുൾപ്പടെയുള്ള മാരക ആയുധങ്ങളുമായി അവരെ പിന്തുടർന്ന് കൊല്ലുകയും ചെയ്യുന്നു.

ഗൂഢ സംഘത്തിന്റെ ഈ പ്രവർത്തികൾ തിരിച്ചറിഞ്ഞ നതാഷയും Boudreaux യും ഇവരുടെ പിടിയിൽ നിന്ന് രക്ഷപെടാൻ ഒരുപാട് ദൂരത്തേക്ക് പോയെങ്കിലും വേട്ടക്കാരെ പോലെ പിൻ തുടർന്നു തന്നെ വന്നു.. ഒടുവിൽ അവർ തിരിച്ചടിക്കാൻ തീരുമാനിക്കുന്നു..

വിന്റെജ് fight രംഗങ്ങളാൽ നമ്മേ ഇന്നും രസിപ്പിക്കാൻ കഴിയുന്ന ഈ സിനിമയുടെ നട്ടെല്ല് എന്ന് പറയാൻ കഴിയുന്നത് നായകനായി എത്തിയ Van-Damme യുടെ കിടിലൻ ആക്ഷൻ പ്രകടനം തന്നെയാണ്.